# കുഞ്ഞറയ്ക്കുള്ളിലെ ജീവരഹസ്യങ്ങൾ

---

**Que.1. ടോണോപ്ലാസ്റ്റ് ഒരു സവിശേഷസ്തരമാണ്. ഇത് കാണപ്പെടുന്ന കോശാംഗം ഏത്?** **[Marks :(1)]**

**Ans.** ഫേനം

**Que.2. ശക്തിയേറിയ ദഹനരസങ്ങൾ ഉല്പാദിപ്പിക്കുന്ന കോശാംഗമാണ് ?**

**ലൈസോസോം.ഇത് ജന്തുകോശങ്ങൾക്ക് ഏതു വിധത്തിൽ പ്രയോജനപ്പെടുന്ന?**

**[Marks:(1)]**

**Ans.** കോശത്തിൽ പ്രവേശിക്കുന്ന അന്യവസ്തുക്കളെ നശിപ്പിക്കുന്നു.

**Que.3. കപ്പ , ഉരുളക്കിഴങ്ങ് തുടങ്ങിയ കിഴങ്ങുകളിൽ കൂടുതലായി കാണുന്ന ജൈവകണം ഏതാണ് ?**

**[Marks:(1)]**

**Ans.** ശ്വേതകണം

**Que.4. കോശസ്രവങ്ങൾ ഉല്പാദിപ്പിക്കാൻ സഹായിക്കുന്ന കോശാംഗം**

**ഏതാണ് ? ഇവ കൂടുതലായി കാണപ്പെടുന്ന കോശം ഏത് ?**

Ans. ഗോൾജി കോംപ്ലക്സ് . ഇവ കൂടുതലായി കാണപ്പെടുന്നത് ഗ്രന്ഥീകോശങ്ങളിലാണ്. **[Marks:(2)]**

**Que.5. മൈറ്റോകോൺട്രിയ കൂടുതലായി കാണപ്പെടുന്നത് ഏതെല്ലാം അവയവങ്ങളിലെ കോശങ്ങളിലാണ്?എന്തുകൊണ്ട് ?**

**Ans.** കരൾ , തലച്ചോറ് , പേശികൾ
**[Marks:(2)]**

ഇവയിൽ ഊർജ്ജാവശ്യം കൂടുതലാണ്.

**Que.6. ഉചിതമായി പൂരിപ്പിക്കുക.**

**കോശത്തിനുള്ളിലെ എല്ലാ പദാർത്ഥങ്ങളും : ജീവദ്രവ്യം**

**................................................ : കോശദ്രവ്യം**
**[Marks:(1)]**

**Ans.** ജീവദ്രവ്യത്തിൽ മർമം ഒഴികെയുള്ള ഭാഗം

**Que.7. സസ്യകോശചിത്രം പകർത്തിവരച്ച് താഴെ പറയുന്ന ധർമ്മങ്ങൾ ചെയ്യുന്ന ഭാഗങ്ങളുടെ പേര് എഴുതി അടയാളപ്പെടുത്തുക .** **[Marks:(3)]**



**Ans.** 1.പ്രോട്ടീൻ നിർമ്മാണം

2. സ്രവങ്ങളുടെ ഉല്പാദനം

3. ഊർജ്ജനിലയം

**Que.8. ഒറ്റപ്പെട്ടത് കണ്ടെത്തി മറ്റുള്ളവയുടെ പൊതുസവിശേഷത എഴുതുക.**

**റൈബോസോം , ഗോൾഗിവസ്തുക്കൾ , എൻഡോ പ്ലാസ്മിക് റെറ്റിക്കുലം, ലൈസോസോം**

**[Marks:(1)]**

**Ans.** ലൈസോസോം . മറ്റുള്ളവ ജന്തുകോശത്തിലും സസ്യകോശത്തിലും കാണപ്പെടുന്നു.

**Que.9. ഒറ്റപ്പെട്ടത് കണ്ടെത്തി മറ്റുള്ളവയുടെ പൊതുസവിശേഷത എഴുതുക.:**
**[Marks:(1)]**

**Ans.** സാന്തോഫിൽ , ശ്വേതകണം , ആന്തോസയാനിൻ , കരോട്ടിൻ

**Que.10. ജന്തുകോശത്തിന്റെ ചിത്രം പകർത്തിവരച്ച് ജന്തുകോശത്തിൽ മാത്രം കാണുന്ന കോശാംഗങ്ങൾ പേരെഴുതി അടയാളപ്പെടുത്തുക.** **[Marks:(3)]**



**Ans.** ചിത്രം പകർത്തി വരക്കുക.

ലൈസോസോം , സെൻട്രോസോം എന്നിവ ഉചിതമായി പേരെഴുതി അടയാളപ്പെടുത്തുക

**Que.11. വിട്ടഭാഗം പൂർത്തിയാക്കുക .**
**[Marks:(3)]**




**Ans.** നോബുകൾ b. ഒബ്ജക്ടീവ് ലെൻസ് c. കണ്ടൻസർ d.മിറർ

**Que.12. ഉചിതമായി പൂരിപ്പിക്കുക.**

**[Marks:(1)]**

**റൈബോസോം : മാംസ്യനിർമ്മാണം**

**........................ : റൈബോസോം നിർമ്മാണം**

**Ans.** മർമകം

**Que.13. തന്നിരിക്കുന്നവയെ മാതൃകയിലേതു പോലെ ഉചിതമായി ജോഡി ചേർക്കുക:** **[Marks:(3)]**

**മാതൃക :- ക്രൊമാറ്റിൻ ജാലിക - ജീനുകൾ ഉൾക്കൊള്ളുന്നു**

**ജീനുകൾ ഉൾക്കൊള്ളുന്നു, മർമ്മരന്ധ്രം , ക്രൊമാറ്റിൻ ജാലിക ,മർമസ്തരം, മർമ്മകം , പദാർത്ഥസംവഹനം , റൈബോസോം നിർമ്മാണം, മർമത്തെ ആവരണം ചെയ്യുന്നു**

**Ans.** മർമ്മരന്ധ്രം - പദാർത്ഥസംവഹനം

മർമസ്തരം - മർമത്തെ ആവരണം ചെയ്യുന്നു

മർമ്മകം - റൈബോസോം നിർമ്മാണം

**Que.14. മാംസ്യ നിർമ്മാണം നടക്കുന്നത് റൈബോസോമിലാണെങ്കിലും ഈ പ്രക്രിയയിൽ മർമ്മത്തിനും പങ്കുണ്ട്. വിശദമാക്കുക. [Marks:(3)]**

**Ans**. മർമത്തിലെ ക്രൊമാറ്റിൻ ജാലികയിലെ ജീനുകളാണ് മാംസ്യനിർമ്മാണത്തെ നിയന്ത്രിക്കുന്നത്.

**Que.15. കോശത്തിലെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിൽ**

**മാംസ്യതന്മാത്രകൾ പ്രധാന പങ്ക് വഹിക്കുന്നു. [Marks:(2)]**

**a).മാംസ്യനിർമ്മാണം നടക്കുന്ന കോശാംഗം ഏത്?**

**b).മാംസ്യനിർമ്മാണത്തെ നിയന്ത്രിക്കുന്ന മർമത്തിലെ ഭാഗം ഏത്?**

**Ans.** a.റൈബോസോം

b. ക്രൊമാറ്റിൻ ജാലികയിലെ ജീൻ

**Que.16. തലക്കെട്ട് നൽകി താഴെപ്പറയുന്നവയെ ഉചിതമായി പട്ടികപ്പെടുത്തുക . [Marks:(3)]**

**ജലലവണ സംഭരണം , എൻഡോപ്ലാസ്മിക് റെറ്റിക്കുലം ,**

**ഊർജ്ജനിലയം , റൈബോസോം , ഫേനം , പദാർത്ഥ സംവഹനം**

**മൈറ്റോകോൺട്രിയ , മാംസ്യസംശ്ലേഷണം**

**Ans.**

| കോശാംഗം | ധർമം |
|---|---|
| ഫേനം | ജലലവണ സംഭരണം |
| മൈറ്റോകോൺട്രിയ | ഊർജ്ജനിലയം |
| എൻഡോപ്ലാസ്മിക് റെറ്റിക്കുലം | പദാർത്ഥ സംവഹനം |

| | |
|---|---|
| റൈബോസോം | മാംസ്യസംശ്ലേഷണം |

**Que.17. പ്രസ്താവന വിലയിരുത്തുക . [Marks:(2)]**

**"കോംപൗണ്ട് മൈക്രോസ്കോപ് വസ്തുക്കളെ അനേകലക്ഷം മടങ്ങ് വലുതാക്കി കാണിക്കുന്നു.”**

**Ans.** പ്രസ്താവന തെറ്റാണ്. കോംപൗണ്ട് മൈക്രോസ്കോപ് വസ്തുക്കളെ ഏകദേശം രണ്ടായിരം മടങ്ങ് വലുപ്പത്തിൽ വരെ മാത്രമെ കാണാൻ സഹായിക്കുന്നുള്ളു. തന്നിരിക്കുന്ന പ്രസ്താവന ഇലക്ട്രോൺ മൈക്രോസ്കോപ്പിനെ സംബന്ധിക്കുന്നതാണ്.

**Que.18. അടിവരയിട്ട ഭാഗത്ത് തെറ്റുണ്ടെങ്കിൽ തിരുത്തുക . [Marks:(1)]**

**a)കണ്ടൻസറിലുള്ള മിറർ പ്രകാശത്തെ മൈക്രോസ്കോപിലെ നിരീക്ഷണവസ്തുവിലേക്ക് കേന്ദ്രീകരിക്കുന്നു .**

**b)കണ്ടൻസറിലുള്ള ഡയഫ്രം പ്രകാശതീവ്രത ക്രമീകരിക്കുന്നു .**

**Ans.** a)കണ്ടൻസറിലുള്ള ലെൻസ് പ്രകാശത്തെ മൈക്രോസ്കോപിലെ നിരീക്ഷണവസ്തുവിലേക്ക് കേന്ദ്രീകരിക്കുന്നു .

**Que.19. തെറ്റുണ്ടെങ്കിൽ തിരുത്തുക . [Marks:(1)]**

**കോംപൗണ്ട് മൈക്രോസ്കോപിൽ ഐപീസിൽ മാത്രമേ ലെൻസ് കാണപ്പെടുന്നുള്ളൂ.**

**Ans.** ഒബ്ജക്ടീവിലും ഐപീസിലും കണ്ടൻസറിലും ലെൻസ് കാണപ്പെടുന്നുണ്ട്.

**Que.20. വിട്ടുപോയ ഭാഗങ്ങൾ പൂർത്തീകരിക്കുക . [Marks:(1)]**

**കണ്ടൻസർ ലെൻസ് : പ്രകാശത്തെ നിരീക്ഷണവസ്തുവിൽ കേന്ദ്രീകരിക്കുന്നു**

**...................... : പ്രകാശതീവ്രത ക്രമീകരിക്കുന്നു .**

**Ans**. ഡയഫ്രം

**Que.21. ഫ്ലോചാർട്ട് പൂർത്തീകരിക്കുക . [Marks:(2)]**

**നേരിയ ഛേദങ്ങൾ സ്റ്റെയിനിൽ ഇടുക ------> സ്റ്റെയിൻ കഴുകിക്കളഞ്ഞ് ഛേദം സ്ലൈഡിൽ വയ്ക്കുക ------> (a)................................ ------> അധികമുള്ള ഗ്ലിസറിൻ ടിഷ്യൂപേപ്പർ കൊണ്ടു തുടക്കുക ------> (b) ......................... ------> മൈക്രോസ്കോപ്പിൽ വച്ച് നിരീക്ഷിക്കുക .**

**Ans.** a.ഗ്ലിസറിൻ ചേർക്കുക. b.കവർഗ്ലാസ് കൊണ്ട് മൂടുക.

**Que.22. സസ്യകോശങ്ങൾ നിരീക്ഷിക്കുന്നതിനുള്ള സ്ലൈഡ്**

**[Marks:(2)]**

**തയ്യാറാക്കുന്നതിന്റെ രണ്ട് ഘട്ടങ്ങൾ നൽകിയിരിക്കുന്നു. മറ്റുള്ള ഘട്ടങ്ങൾ എഴുതുക.**

**നിരീക്ഷണവസ്തുവിന്റെ കുറുകെയുള്ള നേർത്ത ഛേദങ്ങൾ എടുക്കുന്നു.**

**കട്ടി കുറഞ്ഞതും പൂർണമായതുമായ ഛേദങ്ങളെ സ്റ്റെയിനിൽ ഇടുന്നു.**

**(a) ...............................................**

**(b) ...............................................**

**(c) ...............................................**

**(d) ...................................**

**Ans.** a.നിരീക്ഷണവസ്തു ഉണങ്ങാതിരിക്കാൻ ഗ്ലിസറിൻ സ്ലൈഡിൽ ഇറ്റിക്കുക.

b.നിറം പിടിച്ച ഛേദത്തെ ശുദ്ധജലത്തിൽ കഴുകിയ ശേഷം സ്ലൈഡിലെ ഗ്ലിസറിനിൽ വയ്ക്കുക.

c.കവർ ഗ്ലാസ് കൊണ്ട് മൂടുക.

d.അധികമുള്ള ഗ്ലിസറിൻ തുടച്ചു മാറ്റുക.

**Que.23. നൽകിയിരിക്കുന്ന വിവരങ്ങൾ ഉചിതമായി ജോഡി ചേർക്കുക :**

**തിയോഡർ ഷ്വാൻ , എം.ജെ. ഷ്ലീഡൻ , റോബർട്ട് ഹുക്ക് ,റോബർട്ട് ബ്രൌൺ , ആദ്യകോശ നിരീക്ഷണം , മർമ്മം ,ജന്തുകോശം , സസ്യകോശം ,റുഡോൾഫ് വിർഷോ**

**[Marks:(2)]**

**Ans.** തിയോഡർ ഷ്വാൻ - ജന്തുകോശം

എം.ജെ. ഷ്ലീഡൻ - സസ്യകോശം

റോബർട്ട് ഹുക്ക് - ആദ്യകോശ നിരീക്ഷണം

റോബർട്ട് ബ്രൌൺ - മർമ്മം

**Que.24. ചിത്രീകരണം പൂർത്തീകരിക്കുക.**

**[Marks:(3)]**




**Ans.** ജന്തുകോശത്തിൽ - സെൻട്രോസോം

സസ്യകോശത്തിൽ - ഫേനം , ഹരിതകണം

രണ്ടിലും - മൈറ്റോകോൺട്രിയ , റൈബോസോം , ഗോൾഗി കോംപ്ലക്സ് , എൻഡോപ്ലാസ്മിക് റെറ്റിക്കുലം - ( ഏതെങ്കിലും രണ്ടെണ്ണം)

**Que.25. ചിത്രീകരണം പൂർത്തീകരിക്കുക.**

**[Marks:(3)]**




**Ans.** a.ബാക്ടീരിയ b.വ്യക്തമായ മർമമമുണ്ട് c.അമീബ ( അനുയോജ്യമായ മറ്റുത്തരങ്ങൾ )

**Que.26. പച്ചമാങ്ങ പഴുക്കുമ്പോൾ രുചിയിൽ എന്ത് മാറ്റം സംഭവിക്കുന്നു? എന്തുകൊണ്ട്?**

**[Marks:(1)]**

**Ans.** മധുരമുണ്ടാകുന്നു. അന്നജം പഞ്ചസാരയായി മാറുന്നു.